**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4881** **20-03-2025 - ൽ മറുപടിയ്ക്ക്**

**കണ്ണൂർ ജില്ലയിലെ മൂലക്കീൽ കടവ് പാലം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതും കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി- പയ്യന്നൂർ മണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്നതും കേരള റോഡ്സ് ഫണ്ട് ബോർഡ് മുഖേന പ്രവൃത്തി നിർവ്വഹിക്കുന്നതുമായ മൂലക്കീൽ കടവ് പാലത്തിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കി കിഫ്ബിയുടെ ധനകാര്യാനുമതി ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (എ) | മൂലക്കിൽക്കടവ് പാലം പ്രവൃത്തിയ്ക്ക് 10.07.2017 തീയതിയിലെ സ.ഉ(സാധാ)നം.942/2017/പൊ.മ.വ പ്രകാരം 25 കോടിയുടെ തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. 20.10.2023 തീയതിയിലെ ഉത്തരവ് പ്രകാരം കിഫ്ബിയിൽ നിന്നും ഭൂമി ഏറ്റെടുക്കുന്നതിനുള്ള 2.41 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭ്യമാക്കിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിനുള്ള contingency charges കിഫ്ബിയിൽ നിന്നും ലഭ്യമാക്കിയിട്ടുണ്ട്. മൂലക്കിൽക്കടവ് പാലത്തിന്റെ നിർമ്മാണത്തിനുള്ള സാമ്പത്തികാനുമതി ലഭിക്കുന്നതിന് വേണ്ടി തയ്യാറാക്കിയ DPR-ൽ ചില തിരുത്തലുകൾ വരുത്തുവാൻ കിഫ്ബി നിർദ്ദേശിച്ചതുപ്രകാരം പ്രസ്തുത മാറ്റങ്ങൾ ഉൾപ്പെടുത്തി പുതുക്കിയ DPR സാമ്പത്തികാനുമതിയ്ക്കായി തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ